## ജൂൺ 19 വായനാദിനം

## വായനാ പ്രവർത്തന നിർദ്ദേശങ്ങൾ

**(തയ്യാറാക്കിയത് –ഡയറ്റ് (പി.എസ്.ടി.ഇ )പാലക്കാട്)**

അവധിക്കാല അധ്യാപക പിന്തുണാ പരിപാടിയിൽ വിശദമായി ചർച്ചചെയ്ത ഒരു ഊന്നൽ മേഖലയായിരുന്നു കുട്ടികളുടെ വായനാ പോഷണപരിപാടി. ഓരോ ക്ലാസ്സിലേയും പാഠ്യപദ്ധതിക്കും പാഠഭാഗങ്ങൾക്കും അനുപൂരകമായി കുട്ടി വായിക്കേണ്ട പുസ്തകങ്ങൾ കണ്ടെത്തി ഓരോ ക്ലാസ്സിലും ലൈബ്രറി രൂപപ്പെടുത്തുക എന്നത് ഭാഷാധ്യാപക പരിശീലനത്തിൽ എത്തിച്ചേർന്ന ധാരണയാണ്.സ്കൂൾ തനതു ഫണ്ടുകളും, ബാങ്കുകൾ പഞ്ചായത്തുകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ സഹകരണത്തോടെയും ,പൂർവ്വ വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും സമീപിച്ചും ഇതിനുവേണ്ട അധിക പുസ്തകങ്ങൾ കണ്ടെത്തണം.ഈ വർഷം ജില്ലാ പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വായനക്കൂട്ടം എഴുത്തുകൂട്ടം പ്രോജക്ടും, സർവ്വ ശിക്ഷഅഭിയാൻ പദ്ധതിയായ വായനാവസന്തവും വായനാ വ്യാപന പരിപാടിയുടെ ഭാഗമാക്കണം. ആശയഗ്രഹണ വായനയുടെപ്രതിഫലനങ്ങളാണ്,**വായിച്ച ആശയങ്ങളെ മറ്റു രീതികളിൽ പുനരാവിഷ്കരിക്കൽ,വായനാനുഭവം പങ്കുവെക്കൽ, വായിച്ച വസ്തുതകളെ സംഗ്രഹിച്ചു പറയൽ, വായനാനുഭവത്തെ വിപുലീകരിക്കൽ,വായനാനുഭവത്തെ ചിത്രീകരിക്കൽ,വായനയെ മുൻ വായനാനുഭവു മായി താരതമ്യം ചെയ്യൽ എന്നിവ. വായന അർത്ഥപൂർണമാവുന്നത് വായനാനുഭവത്തെ പുനരുപയോഗിക്കുമ്പോഴാണ്.വായനയെ വിലയിരുത്താനും ഇതിലേതെങ്കിലും തന്ത്രം പ്രയോജനപ്പെടുത്താം.**

ജൂൺ പത്തൊമ്പതിന് പി.എൻ പണിക്കർ ദിനത്തിൽ തുടങ്ങുന്ന വായന വർഷം മുഴുവനും നീണ്ടു നിൽക്കുന്നതും, തുടർന്ന് വായന ഒരു ശീലമാക്കി മാറ്റാൻ പ്രേരിപ്പിക്കുകയും വേണം.. ഇതിന് മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് നിർദ്ദേശിക്കുന്നത്

1. വായനാ പക്ഷാചരണകാലത്ത് എല്ലാ വിദ്യാലയത്തിലും പൊതുവായി നടക്കേണ്ട പ്രവർത്തനങ്ങൾ

2. ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ അധ്യാപകരുടെ ഇടപെടൽ വഴി നടക്കേണ്ടവ

3. വീട് ,ലൈബ്ര റികൾ എന്നിങ്ങനെ വായനാ തുടർച്ചയുമായി ബന്ധപ്പെട്ടവ.

### 1. വായനാ വാരത്തിൽ എല്ലാ വിദ്യാലയത്തിലും പൊതുവായി നടക്കേണ്ട പ്രവർത്തനങ്ങൾ

- ***വായനാദിനം –പി.എൻ. പണിക്കർ അനുസ്മരണം***

*പൊതുവായിൽ നാരായണ പണിക്കർ എന്ന ഗ്രന്ഥശാലാ പ്രവർത്തകനെ അടുത്തറിയുക എന്ന ഈ പ്രവർത്തനം എല്ലാ വിദ്യാലയത്തിലും അസംബ്ലിയുടെ ഭാഗമായി നടത്താവു ന്നതാണ്.പ്രധാനാധ്യാപകനോ ,സഹാധ്യാപകർക്കോ അനുസ്മരണ പ്രഭാഷണം നടത്താം . ആവശ്യമെങ്കിൽ ഇതോടൊപ്പമുള്ള കുറിപ്പ് റഫറൻസിനായി പ്രയോജനപ്പെടുത്താം (അധികവായനക്ക് അനുബന്ധം ഒന്ന് ഉപയോഗിക്കുക)*

ആലപ്പുഴ ജില്ലയിൽനീലമ്പേരൂരിൽഗോവിന്ദപിള്ളയുടെയും ജാനകിയമ്മയുടെയും മകനായി 1909 മാർച്ച് 1 തീയതി പുതുവായിൽ നാരായണ പണിക്കർ ജനിച്ചു. അദ്ധ്യാപകനായിരുന്നു.1995 ജൂൺ 19ന് അന്തരിച്ചു. അദ്ദേഹത്തിന്റെ ചരമദിനം വായനാദിനമായിആചരിക്കുന്നു.1926 ൽ അദ്ദേഹം തൻറെ ജന്മനാട്ടിൽ "സനാതനധർമ്മം" എന്ന വായനശാല സ്ഥാപിച്ചു. ഒരു സാധാരണ ഗ്രന്ഥശാലാ പ്രവർത്തകനായി പ്രവർത്തനം തുടങ്ങിയ അദ്ദേഹത്തിന്റെ അഹോരാത്രമുള്ള പ്രവർത്തനത്തിന്റെ ഫലമായാണ് കേരള ഗ്രന്ഥശാല സംഘം സ്ഥാപിതമാകുന്നത്. ആയിരക്കണക്കിന് ഗ്രന്ഥശാലകളെ സംഘത്തിന്റെ കീഴിൽ കൊണ്ടുവരാനും അദ്ദേഹത്തിന് കഴിഞ്ഞു.ഗ്രന്ഥശാല ഇല്ലാത്ത ഒരു ഗ്രാമവും കേരളത്തിലുണ്ടാവരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. 1970ൽ പാറശ്ശാല മുതൽ കാസർകോഡ് വരെ പണിക്കരുടെ നേതൃത്വത്തിൽ കാൽനടയായി നടത്തിയ സാംസ്കാരിക ജാഥ കേരള ചരിത്രത്തിലെ പ്രധാന ഏടുകളിലൊന്നാണ്. 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക' എന്നായിരുന്നു ജാഥയുടെ മുദ്രാവാക്യം. ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ നായകൻ, കാൻഫെഡിന്റെ സ്ഥാപകൻ തുടങ്ങി ഒട്ടനവധി സംഭാവനകൾ മലയാളത്തിനു നൽകി. പിന്നീട്കേരള നിയമസഭഅംഗീകരിച്ചകേരള പബ്ലിക്ക് ലൈബ്രറീസ് ആക്റ്റ് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു.1977 ൽ ഗ്രന്ഥശാലാ സംഘം സർക്കാർ ഏറ്റെടുത്തു. അതുവരെ ഗ്രന്ഥശാലാസംഘത്തിൻറെ ജനറൽ സെക്രട്ടറി അദ്ദേഹമായിരുന്നു. ഗ്രന്ഥശാലാ പ്രവർത്തകർ ആദരവോടെ പണിക്കർസാർ എന്ന് വിളിക്കുന്ന അദ്ദേഹം നിർഭാഗ്യവശാൽ കേരളത്തിൻറെ രാഷ്ട്രീയസാഹചര്യങ്ങളിൽപ്പെട്ട് പിന്നീട് ഗ്രന്ഥശാലാസംഘത്തിൻറെ ആരും അല്ലാതായിത്തീരുകയും അദ്ദേഹം മറ്റൊരു പ്രസ്ഥാനം (കേരള അനൗപചാരിക വിദ്യാഭ്യാസ സമിതി)രൂപവത്കരിക്കുകയും അതിന്റെ പ്രവർത്തകനായി മാറുകയും ചെയ്തു.1996 മുതൽ അദ്ദേഹത്തിന്റെ മഹത്ത്വം തിരിച്ചറിഞ്ഞ കേരള സർക്കാരും മലയാളികളും ഇപ്പോൾ അദ്ദേഹത്തിൻറെ ചരമദിനമായ ജൂൺ 19 വായനദിനമായി ആചരിച്ച് അദ്ദേഹത്തെ ആദരിക്കുന്നു. അന്ന് മുതൽ ഒരാഴ്ചക്കാലം വായനവാരമായും ആചരിക്കുന്നു. ലോകമെമ്പാടും വായനാദിനം - പുസ്തകദിനം ആചരിക്കുന്നുണ്ട്. ലോകവായനാദിനം ഏപ്രിൽ 23 [ UNESCO] ആണ്.

- **വായനയുടെ ലോകത്തേക്ക്- വായനാക്ലബ്ബ് രൂപീകരണം.**

  വായനയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതിനായി **സ്കൂൾ തല യോഗം**- പ്രഭാഷണം - ഏറെ സവിശേഷതകളുള്ള പുസ്തകം പരിചയപ്പെടുത്തൽ നിർദ്ദേശിക്കാനുള്ള ഒന്ന് :*The Book Thief* – is a novel by Australian author Markus Zusak. First published in 2005, the book won several awards and was listed o *The New York Times* Best Seller list for 375 weeks.

- **ലൈബ്രറി കാണൽ/വായനശാലാ സന്ദർശനം**

  സ്കൂൾ ലൈബ്രറിയോ അടുത്തുള്ള ഒരു വായനശാലയോ കാണൽ.വിവിധ ഇനം പുസ്തകങ്ങൾ, വിവിധ ഭാഷാപുസ്തകങ്ങൾ , പത്രമാസികകൾ, പുസ്തകം അടുക്കിവെക്കുന്ന രീതി, വായനാ ഇടങ്ങൾ , മാധ്യമങ്ങൾ - പത്രം - പുസ്തകം - മോണിറ്റർ - ഇ- ബുക്ക്റീഡേർസ് ... എന്നിവ പരിചയപ്പെടണം. ലൈബ്രറിയിൽ മെമ്പർഷിപ്പ് എടുക്കൽ. ഒരു നോട്ടു പുസ്തകത്തിൽ കഴിയുന്നത്ര പുസ്തകങ്ങളുടെ പേര് കുറിച്ചെടുക്കണം. ഇത് പിന്നീട് സാഹിത്യ ശാഖയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കാനോ ക്വിസ്സ് പോലുള്ള പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കാം.

- **എഴുത്തുകാരെ അറിയാം**
  സാഹിത്യകാരന്മാരേയും,നല്ല വായനക്കാരേയും വിദ്യലയങ്ങളിലേക്ക ക്ഷണിക്കാം.അനുഭവങ്ങൾ പങ്കിടുന്ന സംവാദങ്ങളും ചർച്ചയും നടത്താം.അവരുടെ കൃതികൾ വായിച്ചുള്ള വായനാചർച്ച സംഘടിപ്പിക്കാം.
- **പുസ്തകമേള**
  ഹൈസ്കൂൾ തലത്തിൽ ഒരു പുസ്തകമേള സംഘടിപ്പിക്കാൻ മുൻകൈഎടുക്കണം.ഈ മേളയിൽ പ്രദർശിപ്പിക്കുന്ന പുസ്തകങ്ങൾ സമീപത്തെ വിദ്യാലയങ്ങൾക്കും ,വാങ്ങാൻ അവസരം നൽകാം.ചില രക്ഷിതാക്കൾ, സ്പോൺസർമാർ എന്നിവരെ വിദ്യാലയത്തിന് പുസ്തക കിറ്റ് സമ്മാനിക്കാൻ പ്രേരിപ്പിക്കണം.
- **ശ്രാവ്യവായന**
  സ്കൂൾ അസ്സംബ്ലി കഴിഞ്ഞാൽ 10 മിനുട്ട് ശ്രാവ്യവായന [ സ്കൂളിലെ മുഴുവൻ കുട്ടികളും ക്ലാസിലോ സൗകര്യമുള്ള ഇടങ്ങളിലോ മാറിയിരുന്നു ഒറ്റക്ക് ഇഷ്ടപ്പെട്ട ഒരു പുസ്തകം ഉറക്കെ വായിച്ച് ആസ്വദിക്കൽ . ഒരു ദിവസം ആദ്യം 3–4 പേജിൽ തുടങ്ങി പിന്നെ പിന്നെ വായനാവേഗം കൂട്ടുന്നത് കാണാം . വായിച്ച പുസ്തകങ്ങളെക്കുറിച്ച് **ഒറ്റവരിക്കുറിപ്പുകൾ** വായനാ കാർഡിൽ എഴുതൽ ] വർഷം മുഴുവൻ ഇടതടവില്ലാത്ത 10 മിനുട്ട് വായന .
- **മാരത്തോൺ വായന**
  ഓരോക്ലാസിലും ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന വായന .ഒരു ഒഴിവുദിവസം ഇതിന്നായി കണ്ടെത്താം.എല്ലാവരും വായിച്ചുകേൾക്കാൻ താല്പര്യപ്പെടുന്ന ഒരു പുസ്തകം തെരഞ്ഞെടുക്കുക. 200 പേജ് നോവൽ / കഥാസമാഹാരം / കവിതാസമാഹാരം … രാവിലെ മുതൽ വൈകുന്നേരം വരെ ഈ പുസ്തകം തുടർചയായി വായിച്ചു തീർക്കുക. ഉറക്കെവായിക്കണം. വായിക്കുംപോലെ വായിക്കണം. കഴിവനുസരിച്ച് എല്ലാവരും ഊഴം വെച്ച് വായിക്കണം . എല്ലാവരും നന്നായി ശ്രദ്ധിക്കണം. വൈകുന്നേരമാവുമ്പോഴേക്കും എല്ലാവരും കൂടി ആ പുസ്തക വായന തീർത്തിരിക്കണം.
- **പുസ്തകങ്ങൾ മാറ്റിയെഴുതൽ:**
  കഥകൾ …. കുട്ടിക്ക് മനസ്സിലാവുന്ന മട്ടിലേക്ക് മാറ്റിയെഴുതൽ , സംഭവങ്ങൾ മാറ്റിയെഴുതൽ, കഥാവസാനം മാറ്റിയെഴുതൽ, പ്രാദേശികഭാഷയിലേക്ക് മാറ്റിയെഴുതൽ, വ്യവഹാരം മാറ്റിയെഴുതൽ , ഭാഷ മാറ്റിയെഴുതൽ , ഘടന മാറ്റിയെഴുതൽ ,കഥാപാത്രങ്ങളെ മാറ്റിയെഴുതൽ – മാറ്റിയെഴുതിയ വയുടെ അവതരണം ചർച… [ ഒരു ഭാഷാ എക്സർസൈസ് എന്ന മട്ടിൽ – കോപ്പിറയ്റ്റ് മുതലായ സങ്കീർണ്ണ ചിന്തകൾ തൽക്കാലം വേണ്ട ]

- **വായനാപ്രതിജ്ഞ:** ഓരോരുത്തരും [ കുട്ടിയും മാഷും ] ദിവസവും 4 പേജെങ്കിലും വായിച്ചിരിക്കുമെന്ന പ്രതിജ്ഞ സ്വയം എടുക്കണം. എന്തെങ്കിലും – പഠിക്കാനും പഠിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്യുന്നവയാകരുത് – അധികവായനയായി വരണം . ശ്രദ്ധാപൂർവം വായിക്കണം.

- **വായിച്ചത് പങ്കുവെക്കൽ :** നാം വായിച്ചവയെ കുറിച്ച് സംസാരിക്കാൻ –

കൂട്ടുകാരോട് വർത്തമാനം പറയാൻ ശ്രമിക്കണം. ഉള്ളടക്കം / കഥ , ഉള്ളിൽതട്ടിയ സൻദർഭങ്ങൾ / കഥാപാത്രങ്ങൾ / ആശയങ്ങൾ / പ്രയോഗങ്ങൾ / എഴുത്തുകാരൻ... എന്തുമാവാം. നമ്മൾ പറഞ്ഞ്തീരുന്നതോടെ കൂട്ടുകാരന്ന് അത് വായിക്കാൻ തോന്നണം.

- **ക്ലാസ്സ് തല ലൈബ്രറി**

പാഠപുസ്തകങ്ങളുടെ തുടർച്ചയായ അധിക വായനക്കും ആസ്വാദനക്കുറിപ്പ്, താരതമ്യ ക്കുറിപ്പ്,വായനാക്കുറിപ്പ്........തയ്യാറാക്കൽ എന്നിങ്ങനെയുള്ള പഠനപ്രവർത്തനങ്ങൾക്ക് സഹായകവുമായ പുസ്തകങ്ങൾ,വായനാകാർഡുകൾ എന്നിവ സംഘടിപ്പിച്ച് ക്ലാസ്സ്തലത്തിൽ ഒരു ലൈബ്രറി രൂപപ്പെടുത്തണം.പല വിദ്യാലയങ്ങളിലും ചെറിയ ചെരിവ്റാക്കുകളിൽ ഇത് സജ്ജീകരിച്ചിട്ടുണ്ട്.ഇത് എല്ലാ ക്ലാസ്സുകളിലേക്കും വ്യാപിപ്പിക്കണം.ഡിഷനറി,ഭാഷാ നിഘണ്ടു എന്നിങ്ങനെ ചില റഫറൻസ് പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് അറിവ് നിർമ്മാണത്തിന് സഹായകവാവും.

- **നല്ല വായനാകുറിപ്പുകൾ**

എല്ലാ കുട്ടികളും വായിക്കണമെന്ന് കരുതുന്ന 20 പുസ്തകങ്ങൾ നിർദ്ദേശിക്കുക അവ ക്ലാസ്സിൽ ലഭ്യമാക്കുക. ഈ പുസ്തകങ്ങൾ വായിച്ച് വായനാ കുറിപ്പുകൾ തയ്യാറാക്കാൻ നിർദ്ദേശിക്കണം.വായനാചർച്ചയിലൂടെയും,കുറിപ്പുകളുടെവിലയിരുത്തലിലൂടെയും മികച്ച വായനക്കാരെകണ്ടെത്തി പ്രോത്സാഹിപ്പിക്കാം. വായനാക്കുറിപ്പുകൾ ചേർത്ത് ഒരു മാഗസിൻ പ്രസിദ്ധീകരിക്കാം. വായനാകുറിപ്പിലൂടെ കണ്ടെത്തുന്ന മികച്ച വായനക്കാർക്ക് സാഹിത്യക്യാമ്പ് നടത്തണം.ഇതിൽ സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കണം

- **പുസ്തക ക്വിസ്**

വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന ക്വിസ് ആശയഗ്രഹണ വായനക്ക്സഹാ യകവാവും.ഇതു കൂടാതെ പുസ്തകങ്ങൾ കയ്യിൽ നൽകി നൽകുന്ന തത്സമയ ചോദ്യങ്ങളും,സൂചന നൽകി വായനയും ചർച്ചയുമാവാം.

- **പുസ്തകങ്ങൾ സമ്മാനങ്ങൾ**

സ്കൂൾ ലൈബ്രറികളുടെ വിപുലീകരണത്തിനായി വിവിധ പദ്ധതികൾ ആസൂത്രണംചെയ്യണം. വിവിധ ഏജൻസികളെ സമീപിച്ചും,വിദ്യാർത്ഥികൾ,പൂർവ്വ വിദ്യാർത്ഥികൾ,പ്രാദേശിക ഗവർമ്മെന്റുകൾ , വ്യക്തികൾ എന്നിവരുടെ സഹായത്തോടെ ലൈബ്രറി കളുടെ വിപുലീകരണത്തിനായി ശ്രമിക്കാം.

- **ലൈബ്രറികാർഡ്/ കാറ്റലോഗ് കാർഡ്**

ഓരോ കുട്ടിയും മൂന്ന് കാറ്റലോഗ് കാർഡ് നിർമ്മിക്കണം.ഒരു പുസ്തകം വായിക്കുക. തുടർന്ന് അത് മറ്റോരാൾക്ക് വായനക്ക് ശുപാർശചെയ്യാൻ തക്ക വിവരങ്ങളുള്ള ഒരു കാർഡ് ആണ് നിർമ്മിക്കേണ്ടത്.ഇതിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടണം

വായിച്ചകാലം
മനസ്സിൽ തങ്ങിനിൽക്കുന്ന ഒരു വാക്ക്-വാക്യം
വായന വഴി മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു ചിത്രം
പുസ്തകത്തിലെ ഏറ്റവും ശക്തനായ കഥാപാത്രം/ദുർബ്ബലനായ കഥാപാത്രം
രചനയുടെ സാംസ്കാരിക പരിസരം/സാമൂഹ്യപരിസരം
പുസ്തകം വായിക്കണമെന്ന് മറ്റൊരാളോട് ശുപാർശ ചെയ്യുമെങ്കിൽ - കാരണം

- **ആർക്കും പങ്കെടുക്കാം**

ചാർട്ടിൽ ഒരു വായനാ സാമഗ്രി (കഥ ,കവിത, വിവരണം എന്നിങ്ങനെ ഏതുമാകാം) എഴുതി തൂക്കുന്നു..കുട്ടികൾക്ക് പ്രതികരിക്കനായി മൂന്ന് നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ അതിനു ചുവടെ നിർദ്ദേശിക്കുന്നു. കുട്ടിക്ക്

അവരുടെ കഴിവിനനുസരിച്ച് മൂന്ന് പ്രവർത്തനമോ ചെയ്യാൻ ആത്മവിശ്വാസമുള്ള ഏതെങ്കിലും ഒരു പ്രവർത്തനമോ എഴുതിത്തയ്യാറാക്കി സമർപ്പിക്കാം. ഉദാഹരണത്തിന് ഒരു ലഘുകവിത നൽകുകയാണെങ്കിൽ ആദ്യചോദ്യം എല്ലാവർക്കും എഴുതാൻ കഴിയുന്ന ഒരു ഒറ്റ വാക്കോ വരിയോ ഉത്തരമായി വരുന്ന ചോദ്യങ്ങളാകാം.അവസാന പ്രവർത്തനം ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കലുമാകാം.

**2–ക്ലാസ്സിൽ നടത്താവുന്ന വായനാപ്രവർത്തനങ്ങളും വായനാകേളികളും**

ധാരാളം പ്രവർത്തനങ്ങൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്.ക്ലാസ്സും വ്യത്യസ്ത , നിലവാരക്കാരായ കുട്ടികളേയും പരിഗണിച്ച് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾക്ക് വൈവിധ്യം വരുത്താനാണ് ഈ നിർദ്ദേശങ്ങൾ. ക്ലാസ്സിലെ ആവശ്യത്തിനും താല്പര്യത്തിനും അനുസരിച്ച് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അധ്യാപികക്കുണ്ട്

i. പുസ്തകപപേരുകളി– ഒരേ അക്ഷരത്തിൽ പേരു തുടങ്ങുന്ന പുസ്തകങ്ങൾ എത്ര പറയാം? അക്ഷരം പറയുമ്പോൾ ആ അക്ഷരത്തിൽ പേര് തുടങ്ങുന്ന പുസ്തകപ്പേര് പറയൽ ഉദാഹരണം– ക –കയർ, കന്നിക്കൊയ്ത്ത്, കവിയുടെ കാല്പാടുകൾ
ii. പുസ്തകം എഴുത്തുകാരൻ– ഒരാൾ പുസ്തകപ്പേരു പറയണം മറ്റേയാൾ എഴുതിയ ആളുടെ പേരും
iii. പുസ്തകത്തിൽ വാക്ക്/വാക്യം,/ കണ്ടെത്തൽകളി
iv. വായനാപോലീസ് കളി – ഒരാൾ പുസ്തകത്തിലെ ഒരാശയം പറയുന്നു .മറ്റേയാൾ ആ ആശയം ഏത് പേജിലാണെന്ന് കണ്ടെത്തണം
v. പുസ്തകക്വിസ്സ്– പുസ്തകത്തിൽ നിന്നും ചോദ്യങ്ങൾ ചോദിക്കാം .വായനക്കാരൻ ഉത്തരം കണ്ടെത്തിപ്പറയണം
vi. പോസ്റ്റർ നിർമ്മാണം– ഒരു പുസ്തകത്തെ പരിചയപ്പെടുത്തുന്ന പോസ്റ്റർ
vii. പുസ്തക ഡയറി– പുസ്തകം വായിച്ചതിന്റെ അനുഭവം ഡയറിയിൽ കുറിക്കൽ
viii. കഥാപാത്രവുമായി അഭിമുഖം–വായിച്ച കഥയിലെ കഥാപാത്രങ്ങളോട് അഭിമുഖം നടത്താനുള്ള ചോദ്യങ്ങൾ കഥയിലെ കഥാപാത്രമായി വരുന്നവരോട് ചോദിക്കുക–ഉദാ ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന നോവൽ കഥയിലെ പാത്തുമ്മ,കൊച്ചുണ്ണി, ഖദീജ, അബ്ദുൽ ഖാദർ, ഹനീഫ എന്നിവരായി വേഷം കെട്ടിയെത്തുന്നവരോട് വായനക്കാർക്ക് ചോദ്യങ്ങൾ ചോദിക്കാം.അവർ കഥയുടെ ഗതി എങ്ങനെ മാറ്റുന്നു എന്ന് തിരിച്ചറിയാം.
ix. ചങ്ങല വായന –തുടർച്ചയായി എല്ലാവരും മാറിമാറി വായിക്കൽ
x. കാവ്യകേളി– പുസ്തക സഹായത്തോടെ കാവ്യകേളി നടത്തൽ
xi. കഥാകഥനം– വായിച്ച കഥകൾ ശ്രവണമധുരമായി അവതരിപ്പിക്കൽ
xii. മാറ്റാം മറിക്കാം– കഥയെ കവിതയാക്കാം, നാടകമാക്കാം,കഥാപ്രസംഗമാക്കാം,തിരക്കഥയാക്കാം കവിതയെ തിരിച്ചും
xiii. കഥ ചിത്രീകരിക്കാം–കഥ ചിത്രരൂപത്തിലാക്കൽ
xiv. കഥാ പൂരണം,കവിതാ പൂരണം– ചില ഭാഗങ്ങളുടെ തുടർച്ച യെഴുതൽ
xv. വായനാസംഗ്രഹം– വായിച്ചതിന്റെ സംഗ്രഹം എഴുതി അവതരിപ്പിക്കൽ
xvi. ആശയവിപുലനം– വായിച്ച രചനയിലെ ചില വരികൾ വിപുലനം നടത്തി വിശദമാക്കൽ
xvii. കഥയിൽ പുതിയ കഥാപാത്രങ്ങളെ ഉൾപ്പെടുത്തൽ
xviii. മറ്റുഭാഷകളിലെ കഥ കവിത തർജ്ജമചെയ്തുനോക്കൽ (ഹിന്ദി,ഇംഗ്ലീഷ്,അറബിക്,സംസ്കൃതം,ഉറുദു)
xix. സമാനകഥ,കവിത കണ്ടെത്തൽകളി
xx. കഥക്കും കവിതക്കും ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

xxi. തലക്കെട്ടുമാറ്റിനോക്കൽ–വായിച്ച കഥയുടേയോ കവിതയുടേയോ തലക്കെട്ടുമാറ്റിനോക്കൽ

xxii. പത്രക്വിസ്സ് –പത്രം വായിച്ച് അതിൽ നിന്നും ക്വിസ്സ് നടത്തൽ

xxiii. പത്രവാർത്ത– സംവാദം –വിവിധ പത്രങ്ങളുടെ ആദ്യപേജ് താരതമ്യം

xxiv. വായനാനാടകം– റേഡിയോ നാടകം പോല ശബ്ദനാടകങ്ങൾ (നാടകം വായിച്ചവതരിപ്പിക്കൽ)

**വായനാ തുടർച്ചയുമായി ബന്ധപ്പെട്ടവ.**

**വീട്ടിൽ ഒരു കുഞ്ഞു ലൈബ്രറി**ആരംഭിക്കൽ വീട്ടിലുള്ള പുസ്തകങ്ങൾ അടുക്കി ഒതുക്കി വെക്കൽ, ലിസ്റ്റ് തയ്യാറാക്കൽ മെല്ലെമെല്ലെ വികസിപ്പിക്കാനുള്ള ആലോചനകൾ, സാധ്യതയുള്ളവർക്ക് സ്വന്തം മൊബൈലിൽ / ടാബിൽ ഒരു വായനശാല ആരംഭിക്കൽ / നെറ്റ് – ഇ ബുക്ക്സ് ഇ ബുക്ക് റീഡർ എന്നിവ ഡൗൺലോഡ്ചെയ്ത്പരിചയിക്കൽ

എഴുതിയത് വായിക്കരുത്

വായിച്ചത് എഴുതരുത്

എഴുതിവായിക്കണം

വായിച്ച് എഴുതണം

**വായനാ പ്രവർത്തനം വിദ്യാലയ പ്രതിഫലനങ്ങൾ**

- എല്ലാ കുട്ടികളും പുസ്തകം വായിക്കുന്നു
- വായനാകുറിപ്പുകൾ പ്രസിദ്ധീകരിക്കുയോ പതിപ്പാക്കി മാറ്റുകയോ ചെയ്യുന്നു.
- എല്ലാ ക്ലാസ്സിനും ക്ലാസ്സ് ലൈബ്രറി രൂപപ്പെടുന്നു
- സ്കൂൾ ലൈബ്രറി ചിട്ടപ്പെടുത്തിവെക്കുന്നു.
- ശ്രാവ്യവായനക്കും പ്രാധാന്യം നൽകുന്നു.

# വായനയുടെ ആന്തരികലോകം

**വാ**യന മനസ്സിനെ ശുദ്ധീകരിക്കും; കാഴ്ചപ്പാടിനെ നവീകരിക്കും; വിശാലമായ ലോകത്തെ കാണാനുള്ള വാതായനങ്ങൾ തുറന്നിടും. വായിക്കുമ്പോൾ ജീവിതം വൈപുല്യമാർജ്ജിക്കും. അത് അദൃശ്യമായ വാതിലുകളെല്ലാം തുറക്കും. അതിസങ്കീർണ്ണമായ ഒരു സാംസ്കാരികപ്രവർത്തനം എന്ന നിലയിൽ വായന ദൃശ്യ-ശ്രാവ്യ-രുചി-ഗന്ധ-സ്പർശസംഗമത്തിന്റെ സങ്കീർണ്ണതയും സംഘർഷവും സാമോദവുമാണ് സാക്ഷാത്കരിക്കുന്നത്. ഏതൊരഴുക്കിനും അണുവിനും ജീവിതമുണ്ടെന്ന് മനസ്സിലാവുന്ന ലോകമാണ് വായനയുടേത്. വായന, എഴുത്തോലയും നാരായവും അല്ലെങ്കിൽ കടലാസും തുലികയും തമ്മിലുള്ള ഒരു ഉടമ്പടിയല്ല. സക്രിയമായ സാമൂഹികപ്രവർത്തനമാണ്.

ശരിയായ വായനയിലൂടെ ഉള്ളം സമ്പന്നമാകുമ്പോൾ മാത്രമേ തെളിവാർന്ന കാഴ്ചപ്പാട് ഉണ്ടാകുകയുള്ളു. ആഴത്തിലുള്ള ജീവിതം കാണാനാവുകയും സാധ്യമാകൂ. കാഴ്ചയും വായനയും സംഗമിക്കുന്നത് വ്യവഹാര മാധ്യമത്തിന്റെ അപാരസാദ്ധ്യതകളിൽ വെച്ചാണ്- ഭാഷയിൽ. മാധ്യമം ഏതവസ്ഥയിലും ഭാഷയാണ്. ഭാഷയുടെ അനന്തസാദ്ധ്യതകൾ സമഗ്രജീവിതത്തിന്റെ ദൃശ്യവിസ്മയങ്ങൾ ആവിഷ്ക്കരിക്കുന്നു. അത് സർഗ്ഗവൈഭവത്തിന്റെ തീവ്രമായ ഇടപെടലാണ്. അത് സാഹിത്യരൂപമാവുമ്പോൾ മനുഷ്യജീവിതത്തിന്റെ കുറഞ്ഞ കാലയളവിനെയല്ല; പ്രപഞ്ചദർശനത്തിന്റെ വിശാലതയിൽ ദൃശ്യമാകുന്ന ജീവിതദർശനത്തെയാണ് ആവിഷ്ക്കരിക്കുക. ജീവിതത്തെ അതിന്റെ ആഴത്തിലും സമഗ്രതയിലും ആവിഷ്ക്കരിക്കാൻ സാഹിത്യത്തിന് കഴിയുന്നു എന്നുള്ളതാണ് അതിന്റെ മേന്മ

ഏതൊരു സാഹിത്യവും ലോകജനതയ്ക്കു മുമ്പാകെ സമർപ്പിച്ചിട്ടുള്ളത് ജീവിതാനുഭവങ്ങളിൽ നിന്നുള്ള ദർശനമാണ്. എത്രയോ ഇതിഹാസകൃതികൾ നമുക്ക് മുന്നിലുണ്ട്. സാഹിത്യകൃതികളിൽനിന്നും വായിച്ചനുഭവിച്ച ദർശനങ്ങൾ എത്രയോ വ്യക്തികളെ മഹത്തായ പ്രവർത്തനങ്ങളിലേയ്ക്ക് നയിച്ചിട്ടുണ്ട്! ശരിയായ വായനയും കാഴ്ചയും സംഭാവന ചെയ്ത മഹാത്മാക്കൾ നമുക്കുണ്ട്. അവരുടെയെല്ലാം കർമ്മപഥങ്ങൾ നമുക്കുമുന്നിൽ അനന്തമാണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ക്രിയാത്മക ബന്ധത്തിന്റെ പ്രകാശനമാണ് കലയും സാഹിത്യവും. ജീവിതത്തിൽനിന്നും മാറി ഇവയ്ക്ക് നിലനിൽപ്പില്ല. മനുഷ്യനെ നിരന്തരം രൂപപ്പെടുത്തുകയും നവീകരിക്കുകയുമാണ് സാഹിത്യം ചെയ്യുന്നത്. സാഹിത്യം ജീവിതത്തിൽ നിരന്തരം ഇടപെടുന്നു. അതുകൊണ്ടത് ജൈവപരമാണ്. സാഹിത്യം സർഗ്ഗാത്മകവും ഭാവനാത്മകവുമാണ്. അത് സത്യം പറയുകയല്ല, സത്യമാകേണ്ടത് പറയുകയാണ്. ഒരു ജീവിതദർശനം വായനയിലൂടെയും കാഴ്ചയിലൂടെയും രൂപപ്പെടും. സാഹിത്യത്തിന്റെ വായന ജീവിതത്തിന്റെ വായനയാണ്. അതുകൊണ്ട് വായന ഒരു ജീവിതലക്ഷ്യവും മാർഗ്ഗവും തന്നെയാണ്.

വായനയുടെ മഹത്വം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പി.എൻ. പണിക്കരെപ്പോലെയുള്ള മഹത്‌വ്യക്തികൾ ജനസമൂഹത്തിലേയ്ക്കിറങ്ങിയത്. വായനശാലകൾ സ്ഥാപിച്ചും അനൗദ്യോഗികവിദ്യാഭ്യാസം നൽകിയും അവരത് പ്രചരിപ്പിച്ചു. കേരളനവോത്ഥാനത്തിന് ആക്കംകൂട്ടിയ ഈ പ്രവർത്തനങ്ങൾ വർത്തമാനകാലത്തും പ്രസക്തമായി നിലനിൽക്കുന്നു. പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 വായനാ ദിനമായി നമ്മൾ ആചരിക്കുവാൻ പ്രതിജ്ഞാബദ്ധരാകുന്നതും അതുകൊണ്ടാണ്.

**ആർ.ഗോപാലകൃഷ്ണൻ**
എഡിറ്റർ
(സെക്രട്ടറി, കേരള സാഹിത്യ അക്കാദമി)

സേവനം വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവിറക്കി. അങ്ങനെ മുഴുവൻ സമയവും വായനാശാലാ പ്രവർത്തനം തുടങ്ങി.

സംഘടനയുടെ ആസ്ഥാനം തിരുവനന്തപുരത്തേക്ക് മാറ്റി. അവിടെ സ്വന്തം കെട്ടിടമുണ്ടാക്കാൻ കഠിന പരിശ്രമം നടത്തി. 1948 മുതൽ ഗ്രന്ഥലോകം എന്ന മാസിക പുറത്തിറക്കി. 1977 വരെ പി.എൻ. പണിക്കർ ഗ്രന്ഥശാല സംഘത്തിന്റെ ജനറൽ സെക്രട്ടറിയായി തുടർന്നു.

ഇക്കാലത്ത് പലതവണ സംസ്ഥാനം മുഴുവൻ യാത്ര ചെയ്യുകയും ലൈബ്രറികളിൽ കയറിയിറങ്ങുകയും ചെയ്തു. വയോജന വിദ്യാഭ്യാസത്തിനായി വായനശാലകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താൻ നിർദ്ദേശം നൽകി. ബെൽസൈക്കിൾ പദ്ധതി, കൃഷി പുസ്തക കോർണർ തുടങ്ങി നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി.

1970ൽ സംഘത്തിന്റെ രജത ജയന്തിയോടനുബന്ധിച്ച് കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് പദയാത്ര നടത്തി. ഇത് കേരളത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു.

ഗ്രന്ഥശാലാ സംഘത്തിൽ നിന്നുമാറിയ ഉടനെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കാൻഫെഡ് രൂപീകരിച്ചു. അതേ വർഷം തന്നെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി വിളംബരം ചെയ്തുകൊണ്ട് രണ്ടാമത്തെ സംസ്ഥാന പദയാത്ര നടത്തി. ഇന്ത്യാ പോപ്പുലേഷൻ പ്രൊജക്ടിന്റെ നോഡൽ ഏജൻസിക്കായി കേന്ദ്രസർക്കാർ കാൻഫെഡിനെ നിശ്ചയിച്ചു. 5 ലക്ഷം ഗ്രാമങ്ങളിൽ വിദ്യാഭ്യാസത്തിന്റെ സന്ദേശമെത്തിക്കുന്നതിനായി തുടങ്ങിയ ഭാരതജ്ഞാനവിജ്ഞാനജാഥ എന്ന പദ്ധതി പ്രകാരം നൂറ് ഗ്രാമങ്ങളിൽ പണിക്കർ പദയാത്ര നടത്തി. സ്കൂളിൽ നിന്നു കൊഴിഞ്ഞുപോയവർക്കായി 150 സെന്ററുകൾ തുടങ്ങി. വയോജന വിദ്യാഭ്യാസ പദ്ധതി ഏകോപിപ്പിക്കുന്നതിനുള്ള ദേശീയസാക്ഷരതാ മിഷന്റെ റിസോഴ്സ് സെന്ററായും കാൻഫെഡ് മാറി. അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി പണിക്കരെ നിയമിച്ചു. പണിക്കരുടെ നേതൃത്വത്തിൽ നടന്ന 41 ദിവസത്തെ തീവ്രയജ്ഞത്തിലൂടെ കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്ത് രാജ്യത്തെ ആദ്യ സമ്പൂർണ്ണസാക്ഷരത നേടിയ പഞ്ചായത്തായി.

1993ൽ പ്രസിദ്ധമായ ഫോർഡ് ഫൗണ്ടേഷന്റെ സൗഹൃദഗ്രാമപദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതലയും കാൻഫെഡിൽ നിക്ഷിപ്തമായി. 120 സൗഹൃദ ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തോടെ പ്രവർത്തിയ്ക്കുന്നതിനിടെ 1995 ജൂൺ 19ന് പണിക്കർ നിര്യാതനായി.

കേരളത്തിൽ ഇന്നുകാണുന്ന വിദ്യാഭ്യാസ പ്രബുദ്ധതക്ക് കാരണമായ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടയാളാണ് പി.എൻ. പണിക്കർ. ആദ്യം ഗ്രന്ഥശാലാ സംഘം വഴിയും പിന്നീട് കാൻഫെഡിലൂടെയും അദ്ദേഹം ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതികളാണ് വായനയിലേക്ക് മലയാളിയെ അടുപ്പിച്ചത്. സംഘടനാ പ്രതിഭ എന്നാണ് കൗമുദി ബാലകൃഷ്ണൻ പണിക്കരെ വിശേഷിപ്പിച്ചത്. കുറ്റിപ്പുഴ ഗ്രന്ഥാലയ മഹർഷി എന്നും തകഴി കേരളത്തിന്റെ സാംസ്കാരിക പിതാവ് എന്നും വിളിച്ചു. അഴീക്കോടിന്റെ അഭിപ്രായത്തിൽ ശ്രീശങ്കരൻ മുതലുള്ള നവോത്ഥാന നായകരുടെ പത്തുപേരടങ്ങുന്ന പട്ടികയിൽ ഒന്ന് പണിക്കരായിരിക്കും. 'വായിച്ചു വളരുക' എന്ന പി.എൻ. പണിക്കരുടെ സന്ദേശം മലയാളത്തിന്റെ തലക്കുറിയായി മാറുകയാണുായത്.

ഡോ : ഗോപി പുതുക്കോട്, ഡയറ്റ് പാലക്കാട്